DESPATCHED On..13.3.2020

17/1/20

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2311(2)/2015**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **16430**/എസ്.ഐ.സി-ജി 6/15)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.പി.എസ്.ചന്ദ്രദാസ്,
ശ്രേയസ്, ഇലഞ്ഞിമേൽ പി.ഒ.,
ചെങ്ങന്നൂർ – 689 511.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സെക്രട്ടറി,
പുലിയൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്,
പുലിയൂർ പി.ഒ., ചെങ്ങന്നൂർ, ആലപ്പുഴ.

2. അപ്പീൽ അധികാരി&
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്,
ആലപ്പുഴ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14.05.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05.06.2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 17.06.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 22.07.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 20.10.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 20.10.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26.11.2019 വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്, ആലപ്പുഴ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. പി.എസ്.ചന്ദ്രദാസ്,

20.10.2015ന് സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2311(2)/15/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതു പ്രകാരം ടിയാന്റെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി അപൂർണ്ണമാണെന്ന് വിലയിരുത്തി ടിയാന് കൃത്യമായ മറുപടി സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് അപ്പീൽ അധികാരി നിർദ്ദേശിച്ച് ഉത്തരവായിട്ടും നാളിതുവരെ ഒന്നാം എതിർകക്ഷി ടി നിർദ്ദേശം പാലിച്ചിട്ടില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും വീഴ്ച വരുത്തിയ ഒന്നാം എതിർകക്ഷിയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 14.05.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കഴിഞ്ഞ സാമ്പത്തിക വർഷം പുലിയൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ വൈകല്യമുള്ള കുട്ടികൾക്ക് (ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്) സ്കോളർഷിപ്പിനായി അനുവദിച്ചു നൽകിയ തുകയെത്രയെന്നും ടി തുക വിതരണം ചെയ്യുന്നതിന് ഇംപ്ലിമെന്റേഷൻ അതോറിറ്റി സ്വീകരിച്ച മാനദണ്ഡം എന്താണെന്നും സ്കോളർഷിപ്പ് അനുവദിച്ചു നൽകിയ കുട്ടികളുടെ പേരുവിവരം, പഠിക്കുന്ന ക്ലാസ്, ഓരോരുത്തരുടെയും വൈകല്യത്തിന്റെ തോത്, ഇവർക്ക് അനുവദിച്ച തുക എന്നിവയുടെ വിവരങ്ങൾ നൽകണമെന്നും ടി തുക അനുവദിച്ചതിൽ ഏറ്റക്കുറച്ചിലുണ്ടെങ്കിൽ ഓരോരുത്തർക്കും അനുവദിച്ച തുകയിലെ വ്യത്യാസത്തിന്റെ വ്യക്തിഗത വിശദീകരണം നൽകണമെന്നുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 05.06.2015ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയ്ക്കെതിരെ 17.06.2015ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 22.07.2015ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയെങ്കിലും ഓരോരുത്തരുടെയും വൈകല്യത്തിന്റെ തോത്, പഠിക്കുന്ന ക്ലാസ്, അനുവദിച്ച തുകയിലുള്ള വ്യത്യാസം എന്നിവയെപ്പറ്റി പരാമർശമില്ലാത്തതിനാൽ ടി മറുപടി അപൂർണ്ണമാണെന്ന് വിലയിരുത്തി ടി ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ഹർജിക്കാരൻ ആവശ്യപ്പെട്ട കൃത്യമായ മറുപടി സൗജന്യമായി ടിയാന് നൽകുന്നതിന് നടപടി

സ്വീകരിക്കുന്നതിനും ടിയാൻ ആവശ്യപ്പെടുന്ന പക്ഷം ആയത് സംബന്ധിച്ച രേഖകൾ പരിശോധിക്കുന്നതിനും വേണ്ട ക്രമീകരണങ്ങൾ ചെയ്തു കൊടുക്കുന്നതിനും എസ്.പി.ഐ.യോട് നിർദ്ദേശിച്ച് ഉത്തരവായെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 16.11.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതായി കമ്മീഷൻ വിലയിരുത്തുന്നു. എന്നാൽ അപ്പീൽ അധികാരിയുടെ നിർദ്ദേശപ്രകാരം ടിയാന് പൂർണ്ണമായ വിവരങ്ങൾ നൽകിയിട്ടില്ലെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപമെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ മകൾക്ക് 12,000/- രൂപ അനുവദിച്ചിട്ടുണ്ടെന്നും അപ്പീൽ തീർപ്പാക്കൽ ഉത്തരവിനു ശേഷം ടിയാന് 16.07.2019ൽ മറുപടി നൽകിയിട്ടുണ്ടെന്നും ടി വിഷയത്തിൽ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ 7 ദിവസത്തിനകം ഓഫീസിൽ ഹാജരാകാൻ ടിയാന് നിർദ്ദേശം നൽകിയിരുന്നെങ്കിലും നാളിതുവരെ ഹർജിക്കാരനിൽ നിന്നും യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM